**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5274** **05-07-2024 - ൽ മറുപടിയ്ക്ക്**

**ജൈവ കാർഷിക മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ജൈവ കാർഷിക മിഷനിലൂടെ കേരളം പൂർണമായും ജൈവകൃഷിയിലേക്ക് കടക്കുകയാണെങ്കിൽ കാർഷികോല്പാദനത്തിൽ ഉണ്ടായേക്കാവുന്ന ഇടിവുകൾ കാരണം കാർഷിക സമ്പദ്ഘടന തകരാനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | കേരളത്തിന്റെ കാർഷിക മേഖലയെ പൂർണ്ണമായി ജൈവകൃഷിയിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചിട്ടില്ല. |
| (ബി) | പൂർണമായും ജൈവകൃഷിയിലേക്ക് കർഷകരെ പരിവർത്തനം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഇത്തരം പദ്ധതികൾ ചെറുകിട കർഷകർക്ക് ഉതകുന്നതല്ല എന്ന കാരണത്താൽ സംസ്ഥാനത്തുടനീളം കൃഷി ഓഫീസർമാർ പ്രസ്തുത പദ്ധതിയോട് വിമുഖത കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (ബി.പി.കെ.പി) സംസ്ഥാനത്ത് നടപ്പിലാക്കിയത് കൊണ്ടുണ്ടായ കാർഷിക നേട്ടങ്ങൾ വിശദമാക്കാമോ? | (സി) | കേന്ദ്ര - സംസ്ഥാന പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയിലൂടെ സംസ്ഥാനത്ത് 500 ഹെക്ടർ വീതമുള്ള 164 ക്ലസ്റ്ററുകളിലൂടെ 82000 ഹെക്ടർ സ്ഥലത്ത് പ്രകൃതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പദ്ധതി പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് തിരഞ്ഞെടുത്ത 3280 റിസോഴ്സ് പേഴ്സണുകളിലൂടെ 218393 കർഷകരുടെ കൃഷിയിടത്തിൽ ജൈവകൃഷി/ പ്രകൃതി കൃഷി രീതികൾ നടപ്പിലാക്കുന്നതിനായി മാതൃകകളും പ്രോത്സാഹനങ്ങളും പരിശീലനങ്ങളും നൽകിയിട്ടുണ്ട്.<br>2. കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ജൈവ സാക്ഷ്യപത്രത്തിലൂടെ ഉയർന്ന മൂല്യം ലഭിക്കുന്നതിനുവേണ്ടി പ്രസ്തുത പദ്ധതിയിലെ അംഗമായിട്ടുള്ള കർഷകർക്ക് പാർട്ടിസിപ്പേറ്ററി ഗ്യാരണ്ടി സിസ്റ്റം (PGS) ന്റെ |

| | | | |
|---|---|---|---|
| | | | ജൈവ സർട്ടിഫിക്കേഷൻ നൽകുന്നു. PGS സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ ഫീൽഡ് തല പ്രവർത്തനങ്ങൾ റീജിയണൽ കൗൺസിലായ സമേതിയിലൂടെ നടപ്പിലാക്കി വരുന്നു.<br>3. ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയിലൂടെ 16400 പ്രകൃതി സൗഹൃദ കൃഷി ജൈവകൃഷിമാതൃകാ തോട്ടങ്ങൾ, പരമ്പരാഗത വിത്തിനങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള 6500 മാതൃകാ തോട്ടങ്ങൾ, പരമ്പരാഗത നാട്ടറിവുകൾ അവലംബിച്ചിട്ടുള്ള 6560 മാതൃകാ തോട്ടങ്ങൾ എന്നിവ പദ്ധതിയുടെ ആദ്യ വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതേ രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പ് സാമ്പത്തിക വർഷത്തിലും നടപ്പിലാക്കുന്നതാണ്. നിലവിൽ 2-ാം വർഷ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>4. ഓരോ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രകൃതി കൃഷി/ജൈവകൃഷി എന്നിവയിലൂടെ ഉത്പാദിപ്പിച്ച കാർഷികോത്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും വിൽപ്പനയ്ക്കുമായി കിസാൻ മേളകൾ സംഘടിപ്പിക്കുന്നു. കൂടാതെ പൊതു ജനങ്ങൾക്ക് ഇത്തരം കൃഷി രീതികളുടെ പ്രാധാന്യവും ആവശ്യകതയെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും കിസാൻ മേളകൾ സഹായകമാണ്. നാളിതുവരെ 164 കിസാൻ മേളകൾ നടപ്പിലാക്കി കഴിഞ്ഞു.<br>5. ജൈവ ഉത്പാദനോപാധികൾ ഉത്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റു കർഷകർക്ക് സൗജന്യമായി നൽകുന്നതിനും പ്രസ്തുത ക്ലസ്റ്ററിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ആക്കുന്നതിനുവേണ്ടി എല്ലാ ബ്ലോക്കുകളിലും ക്ലസ്റ്ററുകളിലും Farmer Interest Group (FIG) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ